**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3905** **27-10-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ കിടത്തി ചികിത്സാ സൗകര്യം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിടത്തി ചികിത്സാ സൗകര്യങ്ങൾ ഉണ്ടായിരുന്ന സർക്കാർ ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ കിടത്തി ചികിത്സ ഉണ്ടായിരുന്നതും എന്നാൽ നിലവിൽ ഇല്ലാത്തതുമായ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.<br>പ്രാഥമികാരോഗ്യകേന്ദ്രം, മുനമ്പം<br>പ്രാഥമികാരോഗ്യകേന്ദ്രം, അയ്യമ്പിള്ളി |
| (ബി) | പ്രസ്തുത ആശുപത്രികളിലെ കിടത്തി ചികിത്സാ സൗകര്യം നിർത്തലാക്കാനുള്ള കാരണം വിശദമാക്കാമോ; | (ബി) | പ്രാഥമികാരോഗ്യ കേന്ദ്രം മുനമ്പം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ആശുപത്രിയിൽ കിടത്തി ചികിത്സ കുറഞ്ഞു വരുന്ന സാഹചര്യത്തിലാണ് അത് നിർത്തലാക്കിയത്. ഈ സ്ഥാപനത്തിന്റെ ഏഴ് കിലോമീറ്റർ ചുറ്റളവിൽ കിടത്തി ചികിത്സ ഉള്ള വടക്കൻ പറവൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയും പതിമൂന്നു കിലോമീറ്റർ ചുറ്റളവിൽ കിടത്തി ചികിത്സ ഉള്ള ഞാറക്കൽ താലൂക്ക് ആശുപത്രിയും സ്ഥിതി ചെയ്യുന്നുണ്ട്. ആയതിനാൽ ടി സ്ഥാപനത്തെ ആശ്രയിക്കുന്ന ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ പ്രസ്തുത ആശുപത്രിയിൽ നിന്നും ലഭിക്കുന്നുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം അയ്യമ്പള്ളി ഈ സ്ഥാപനത്തിന്റെ പത്ത്.കി.മി ചുറ്റളവിനുള്ളിൽ കിടത്തി ചികിത്സാ സൗകര്യമുള്ള രണ്ട് താലൂക്ക് ആശുപത്രികളും (പറവൂർ, കൊടുങ്ങല്ലൂർ) മൂത്തകുന്നം സാമൂഹികാരോഗ്യകേന്ദ്രവും ഉള്ളതുകൊണ്ട് രോഗികൾ കൂടുതലായും മേൽ പറഞ്ഞ ആശുപത്രികളെ ആശ്രയിക്കുന്നതിനാൽ മാസങ്ങളോളം കിടത്തി ചികിത്സയ്ക്ക് രോഗികൾ ഇല്ലാത്ത അവസ്ഥയിൽ എത്തിചേർന്നു. ആയതിനാലാണ് 2016 ഒക്ടോബർ മുതൽ IP നിർത്തലാക്കിയത്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ കടലാക്രമണ ഭീഷണി ഉൾപ്പെടെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ചികിത്സക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അയ്യമ്പിള്ളി, മുനമ്പം സർക്കാർ | (സി) | അയ്യമ്പിള്ളി പ്രാഥമികാരോഗ്യ കേന്ദ്രം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി പരിവർത്തനം ചെയ്തിട്ടുണ്ട്. ആയതിന്റെ സിവിൽ വർക്കുകൾ പുരോഗമിച്ചു വരുന്നു. അടിസ്ഥാന സൗകര്യ |

| | | | |
|---|---|---|---|
| | ആശുപത്രികളിലെ കിടത്തി ചികിത്സാ സൗകര്യം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | | വികസനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഈ ആശുപത്രിയിൽ ലഭ്യമാക്കുന്നതാണ്. മുനമ്പം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുന്നതിനായി ഉത്തരവായിട്ടുണ്ട്. ആർദ്രം മാനദണ്ഡപ്രകാരം നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ സംവിധാനം നിഷ്കർഷിക്കുന്നില്ല. |
| (ഡി) | ഇത് സംബന്ധിച്ച് നൽകിയ പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ? | (ഡി) | അയ്യമ്പിള്ളി പ്രാഥമികാരോഗ്യ കേന്ദ്രം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി പരിവർത്തനം ചെയ്തിട്ടുണ്ട്. ആയതിന്റെ സിവിൽ വർക്കുകൾ പുരോഗമിച്ച് വരുന്നു. അടിസ്ഥാന സൗകര്യ വികസനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഈ ആശുപത്രിയിൽ ലഭ്യമാക്കുന്നതാണ്. മുനമ്പം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുന്നതിനായി ഉത്തരവായിട്ടുണ്ട്. ആർദ്രം മാനദണ്ഡപ്രകാരം നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ സംവിധാനം നിഷ്കർഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ